






# Johnson Valiyakulathil CMI

Vicar Provincial (Bharathamatha, Palakkad, 1 June 2021)

## *Gratitude…*

വയസ്സ് 86 ആയിരുന്നുവെങ്കിലും മരണത്തോട് മല്ലിട്ടു തിരിച്ചുവരും എന്നുതന്നെയായിരുന്നു പ്രതീക്ഷ. യാത്രയായി വിനീതച്ചൻ നിദ്രയിലേക്ക്... ജ്ഞാനത്തിന്റെ നിറവിൽ നിന്ന് ആ ചിരി വിട്ടുപോകുന്നില്ല. ബഹുമാനപ്പെട്ട ആൻസൻ പാണേങ്ങാടനച്ചന്റെ വിനീതച്ചനെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളാണിവ. വിനീതച്ചൻ പ്രേഷിത പ്രൊവിൻസിന്റെ ഒരംഗമെന്നതിലുപരി, സി.എം.ഐ. സഭയുടെ സ്വന്തം അംഗം എന്ന നിലയിലാണ് സഭാംഗങ്ങൾ കണ്ടിരുന്നത്. ബഹുമാനപ്പെട്ട തോമസ് ഐക്കരച്ചന്റെ വാക്കുകളിൽ, “At the sad demise of Fr. Vineeth, our CMI Congregation has lost one of her best and illustrious sons!” ഇനി ശാരീരികമായി വിനീതച്ചൻ നമ്മോടു കൂടെയില്ലെങ്കിലും, അദ്ദേഹം സ്ഥാപിച്ച വിദ്യാവനം എന്ന ആശ്രമത്തിലൂടെ, അദ്ദേഹം നമുക്ക് നൽകിയ വിലപ്പെട്ട ഗ്രന്ഥങ്ങളിലൂടെ, രചനകളിലൂടെ മൂല്യങ്ങളിലൂടെ എന്നും നമ്മോടൊപ്പം ഉണ്ടായിരിക്കും. വിനീതച്ചൻ കാണിച്ചു തന്ന നല്ല ജീവിതത്തിന് ഒരായിരം നന്ദി.

നമ്മുടെ ദു:ഖത്തിലും സന്തോഷത്തിലും നമ്മോട് ചേർന്ന് നില്ക്കുന്നവരാണ് നമ്മുടെ രൂപതാദ്ധ്യക്ഷന്മാർ. ഇന്നലെ മണ്ണൂത്തിയിലെ പ്രേഷിതാരാമിൽ നമ്മെ ആശ്വസിപ്പിക്കുകയും വിനീതച്ചന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ആൻഡ്രൂസ് പിതാവിനെയും, ടോണി പിതാവിനെയും, ഇന്നത്തെ ശുശ്രൂഷയിൽ പങ്കെടുത്ത് വിനീതച്ചനെ യാത്രയാക്കാനെത്തിയ ജേക്കബ് മനത്തോടത്ത് പിതാവിനെയും, സന്ദേശങ്ങളിലൂടെ വിനീതച്ചനുവേണ്ടി പ്രാർത്ഥിക്കുകയും, നമ്മെ ആശ്വസിപ്പിക്കുകയും ചെയ്ത എല്ലാ പിതാക്കന്മാരെയും നന്ദിയോടെ അനുസ്മരിക്കുന്നു. ബഹുമാനപ്പെട്ട ജനറാളച്ചനെയും, സി.എം.ഐ. സഭയെ പ്രതിനിധീകരിച്ച് ഈ കർമ്മത്തിൽ പങ്കെടുക്കുവാൻ എത്തിയിരിക്കുന്ന ജോസി അച്ചനെയും ബഹുമാനപ്പെട്ട ഓഡിറ്റർ ബാബു മറ്റത്തിലച്ചനെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സാജു ചക്കാലക്കൽ അച്ചനും വിനീതച്ചനും തമ്മിലുള്ള ബന്ധം വാക്കുകളിൽ ഒതുക്കുവാൻ ആവില്ല. ഒരു പക്ഷേ വിനീതച്ചന്റെ വേർപാടിൽ ഏറ്റവും അധികം വേദനിക്കുന്ന വ്യക്തിയായിരിക്കാം പ്രൊവിൻഷ്യൽ അച്ചൻ. അത്രയ്ക്കു ഗാഢമായിരുന്നു അവർ തമ്മിലുള്ള സ്നേഹബന്ധം. വിനീതച്ചന്റെ മരണസമയത്ത് അച്ചൻ നാട്ടിലുണ്ടായിരുന്നു. ആ നിമിഷം മുതൽ ഈ നിമിഷംവരെ വിനീതച്ചന് ഏറ്റവും മനോഹരമായ ഒരു ഫ്യൂണറൽ നൽകണമെന്ന ആഗ്രഹത്തോടു കൂടി ഓടിനടന്ന്, സ്വന്തം മകനെപ്പോലെ എല്ലാ കാര്യങ്ങളും ക്രമീകരിച്ച ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ അച്ചനും, പ്രൊവിൻഷ്യാളച്ചനോട് ചേർന്ന് നിന്ന കൗൺസിലർ

അച്ചന്മാർക്ക് എല്ലാവർക്കും നന്ദി. ദേവമാതാ പ്രൊവിൻഷ്യൽ ഡേവിസ് പനക്കലച്ചനെയും, അമല ആശുപത്രിയിലെ ഡയറക്ടർ ഫാ. ജൂലിയസ് അച്ചനെയും മറ്റ് അച്ചന്മാരെയും, വിനീത് അച്ചനെ ശുശ്രൂഷിച്ചവരെയും നമ്മുടെ പാലന ആശുപത്രി ഡയറക്ടറായ വാൾട്ടർ അച്ചനെയും, തൃശ്ശൂർ പ്രോവിൻസിൽ നിന്ന് വന്നിരിക്കുന്ന മറ്റ് എല്ലാ അച്ചന്മാരെയും, കെനിയൻ പ്രതിനിധിയായിരിക്കുന്ന ജേക്കബ് ആച്ചാണ്ടിയച്ചനെയും നന്ദിയോടെ ഓർക്കുന്നു. കൊച്ചി പ്രൊവിൻഷ്യൽ ബെന്നി നൽക്കര അച്ചനും സാഗർ ഭവനിലെ അച്ചന്മാരും ഇന്നലെ മണ്ണുത്തിയിൽ എത്തി വിനീതച്ചനുവേണ്ടി പ്രാർത്ഥിച്ചിരുന്നു: എല്ലാവർക്കും നന്ദി.

കഴിഞ്ഞ 3 വർഷത്തോളം ബഹുമാനപ്പെട്ട വിനീതച്ചൻ വിശ്രമത്തിലായിരുന്ന മണ്ണുത്തിയിലെ പ്രേഷിതാരാമിലെ സുപ്പീരിയർ ബഹുമാനപ്പെട്ട ജോയ് കോളങ്ങാടൻ അച്ചനെയും, വിനീതച്ചന് യാതൊരു കുറവും വരാതെ സ്നേഹത്തോടെ ശുശ്രൂഷിച്ച പ്രതാപ് അച്ചനെയും, അർജ്ജുൻ ബ്രദറിനെയും മറ്റെല്ലാ അച്ചന്മാരെയും, വിനീതച്ചനെ ശുശ്രൂഷിച്ച ക്രിസ്റ്റോ, ആൻറണി ചേട്ടൻ, എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് വിനീതച്ചൻ നിങ്ങൾക്കായി മാധ്യസ്ഥം വഹിക്കട്ടെ. ഭാരതമാതാ ആശ്രമത്തിലെ പ്രിയോർ റൂപ്പർട്ട് അച്ചനെയും, ഇന്നത്തെ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ച ഫിലിപ്പ് അച്ചനെയും, ജെയ്സൺ അച്ചനെയും, മറ്റ് ശെമ്മാശന്മാരെയും ഇന്നത്തെ ഗായകസംഘത്തെ നയിച്ച അനിൽ-ലിൻേറഷ് അച്ചന്മാരെയും ഇന്നത്തെ കർമ്മങ്ങളെല്ലാം ക്രമപ്പെടുത്തിയ എം.സി.യും വിദ്യാഭ്യാസ കൗൺസിലറുമായ പോൾ തെക്കിനിയത്ത് അച്ചനെയും നന്ദിയോടെ ഓർക്കുന്നു. 18



വർഷത്തെ വിനീതച്ചനുമായുള്ള തൻെറ ജീവിതാനുഭവങ്ങളെ ഇന്നേ ദിവസം നമ്മളുമായി പങ്കുവെച്ച്, വിനീതച്ചൻെറ വിശുദ്ധി ഒന്നു കൂടെ നമ്മുടെ മുൻപിൽ അവതരിപ്പിച്ച ആൻേറാ വട്ടക്കുഴി അച്ചനോടൊപ്പം ധർമ്മാരാമിൽ നിന്ന് വന്ന ജോബി, നന്തിക്കര അച്ചന്മാരെയും, പ്രാത്ഥനയോടുകൂടി നമ്മോടൊപ്പം ആയിരിക്കുന്ന ധർമ്മാരാമിലെ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു,




വടക്കേത്തല ഫാമിലി എല്ലാവരും തന്നെ ഇന്നത്തെ കർമ്മങ്ങൾ ഓൺലൈനിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ പോലും ഇന്നത്തെ പശ്ചാത്തലത്തിൽ വളരെ ചുരുക്കം പേർക്ക് മാത്രമേ ഇവിടെ എത്തിചേരുവാൻ സാധിച്ചിട്ടുള്ളൂ. വിനീതച്ചന്റെ സഹോദരനേയും, കുടുംബാഗങ്ങളെയും ഈയവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ആക്റ്റോ തന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ വിനീതച്ചൻ എന്നും ഓർക്കുന്ന രണ്ട് പേരുകളാണ് ജോസും, മോളിയും. ഒരിക്കലും മറക്കാൻ പറ്റാത്ത സ്നേഹബന്ധം: വിനീതച്ചന്‌വേണ്ടി നിങ്ങൾ ചെയ്ത സ്നേഹത്തെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. വിനീതച്ചൻ സ്വർഗ്ഗത്തിൽ നിന്ന്കൊണ്ട് നമുക്കൊക്കെ വേണ്ടി പ്രാർത്ഥിക്കട്ടെ.

ഇന്നത്തെ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ എത്തിയ എല്ലാ അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, ബ്രദേഴ്സിനെയും, ഓൺലൈനിൽ കൂടി ഇന്നത്തെ കർമ്മത്തിനു സാക്ഷികളാകുന്ന എല്ലാവരേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു. ഇന്നത്തെ നമ്മുടെ കർമ്മങ്ങൾ ഓൺലൈൻ വഴിയായിട്ട് എല്ലാവരിലേക്കും എത്തിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ടെക്നീഷ്യൻസിനെയും ഏറ്റവും സ്നേഹത്തോടെ ഓർക്കുകയാണ്.

86 വർഷംവരെ ഈ ലോകത്തിൽ ജീവിച്ച് സന്യാസജീവിതത്തിന്റെ ഉന്നത മൂല്യങ്ങളായ പ്രാർത്ഥനയും, ഏകാന്തതയും നിശബ്ദതയും ഒക്കെ സന്തോഷത്തോടെയും വിശ്വസ്തതയോടെയും ജീവിച്ച വിനീത് അച്ചാ, ഒത്തിരി നന്ദി. ദിവ്യകാരുണ്യ സന്നിധിയിൽ ലയിച്ചിരുന്ന അങ്ങയുടെ മുഖം പരിശുദ്ധ അമ്മയോടും വി. കൊച്ചുത്രേസ്യയോടും അങ്ങേക്ക് ഉള്ള താല്പര്യവും വാത്സല്യവും ഞങ്ങൾക്ക് എന്നും പ്രചോദനമാണ്, മാതൃകയാണ്. വിനീതച്ചൻ തന്റെ മുറിയിൽ സൂക്ഷിച്ചിരുന്ന ഒരു കൊച്ചു പടമുണ്ട്. രക്തസാക്ഷികളായി മരിച്ച 7 എഫ്.എം.എം. സിസ്റ്റേഴ്സിന്റെ ചെറിയ ഫോട്ടോ. അച്ചൻ എന്നും അവരോട് പ്രാർത്ഥിക്കുമായിരുന്നു, എനിക്കും നല്ലമരണം തരണമേയെന്ന്. ഇന്ന് സ്വർഗ്ഗത്തിൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിശുദ്ധ ആത്മാക്കൾക്കൊപ്പം യഥേഷ്ടം ആയിരിക്കുന്ന വിനീതച്ചാ, ഞങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കണമേ.